64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ
തിയ്യതി.....................
പ്രോഗ്രാം കമ്മിറ്റി

വിഷയം : കേരളീയ നവോത്ഥാനവും മാനവികതയും

## മാനവികതയും
## നവോത്ഥാനവും

**ആമുഖം**

ശാസ്ത്രവും സാങ്കേതികവിദ്യയും ഒരുപോലെ മുന്നേറുന്ന ഈ നൂറ്റാണ്ടിൽ ശാസ്ത്രത്തിന്റെ പലമേഖലകളിലും തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിക്കാൻ മലയാളികൾക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമാണ്. രാജ്യത്തിന്റെ അതിർവരമ്പുകൾ മറികടന്ന് ലോകത്ത് എല്ലായിടത്തും എത്താനും നമുക്കായി. എങ്ങനെയാണ് നമ്മുടെ ഈ ചെറിയ സമൂഹം ഇത്രയും പുരോഗതി കൈവരിച്ചത് എന്ന് ചിന്തിച്ചിട്ടുണ്ടോ? സമൂഹത്തിന്റെ ~~ഉന്നമനത്തി~~ നവോത്ഥാനത്തിനായി അക്ഷീണം പ്രയത്നിച്ച അനേകം നവോത്ഥാന നായകന്മാരുടെ തീവ്രമായ ശ്രമങ്ങൾ ഇതിന് പിന്നിൽ ഉണ്ടായിരുന്നു എന്ന് വിസ്മരിക്കാനാകാത്ത ഒരു വസ്തുത തന്നെയാണ്. ഒരിക്കൽ സ്വാമി വിവേകാനന്ദൻ 'ഭ്രാന്താലയം'

എന്ന് വിശേഷിപ്പിച്ച ഈ നാടിനെ ഇത്തരത്തിൽ ഉയർത്തിക്കൊണ്ടുവന്ന അവരുടെ പരിശ്രമങ്ങളെ നമുക്ക് നന്ദിയോടെ സ്മരിക്കാം. ഈ നവോത്ഥാന പാതയിൽ മാനവികത ചെലുത്തിയ സ്വാധീനവും ചെറുതല്ല. അതിനെക്കുറിച്ച് നമുക്ക് വിശദമായി നോക്കാം.

## നവോത്ഥാനവും മാനവികതയും

ജാതീയമായും മതപരമായ സമത്വം കേരളത്തിൽ കൈവന്നിട്ട് അധികം നാളുകൾ ആയിട്ടില്ല എന്നു വേണം പറയാൻ. ഒരിക്കൽ ജാതീയമായ ഉച്ചനീചത്വങ്ങളുടെ ~~ഉറവിടമായിരുന്നു~~ പേരിൽ ~~ഈ നാട്~~ കേരളം ഏറെ പഴികേൾക്കപ്പെട്ടിരുന്നു. ~~കേന്ദ്രമായിരുന്നു~~ ഇവിടെ ജാതിയിൽ ഉയർന്ന വ്യക്തികൾ കടന്നുപോകുമ്പോൾ ആ പരിസരത്ത് എങ്ങും നില്ക്കാൻ താഴ്ന്ന ജാതിക്കാർക്ക് അനുമതി ഉണ്ടായിരുന്നില്ല. തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ എന്നിങ്ങനെ ആളുകളെ വേർതിരിച്ച് കണ്ടിരുന്നു.

ഇത്തരത്തിൽ അധപതിച്ച ഒരു സമൂഹത്തെ അതിന്റെ ചിന്താഗതിയെ തിരുത്താൻ

ശ്രമിച്ചവരായിരുന്നു ചാവറയച്ചനെപ്പോലെയും ശ്രീനാരായണഗുരുവിനെപോലെയുമുള്ള നവോത്ഥാന നായകന്മാർ.

സമൂഹത്തിന്റെ താഴ്ന്നതട്ടിൽ നിരന്തരം അവഗണനകളും ദുരിതങ്ങളും നേരിട്ടുകഴി-ഞ്ഞിരുന്ന ഒരു സമൂഹത്തിന്റെ ഉയർച്ചയ്ക്കായി അവർ അക്ഷീണം പരിശ്രമിച്ചു. ആ സമൂഹത്തോട് അവർക്ക് തോന്നിയ അനുകമ്പയും സ്നേഹവും അവരെ ഇതിലേക്ക് നയിച്ചത് എന്നത് ഒരു വാസ്തവമാണ്.

കേരളീയ നവോത്ഥാനത്തിൽ ക്രിസ്ത്യൻ മിഷണിമാരുടെ പങ്ക്.

കേരളീയ നവോത്ഥാനത്തിൽ ക്രിസ്ത്യൻ മിഷണറിമാരുടെ പങ്ക് എടുത്തു പറയേണ്ടതാണ്. മിഷണറിമാരുടെ സംഘടനകളായ 'ലണ്ടൻ മിഷൻ സൊസൈറ്റി', 'ബേസൽ ഇവാഞ്ചലിക്കൽ മിഷൻ' തുടങ്ങിയ സംഘടനകളുടെ നവോത്ഥാനത്തിലൂടെയുള്ള ശ്രമങ്ങൾ നാം മുൻ ക്ലാസ്സുകളിൽ പഠിക്കാനിടയായിട്ടുണ്ട്.

ചാവറയച്ചന്റെ പള്ളിക്കടുത്ത് ഒരു പള്ളിക്കൂടം എന്ന ആശയമാണ് നമ്മുടെ സമൂഹത്തിൽ വിദ്യാഭ്യാസവിപ്ലവം ഉണ്ടാക്കിയത്. സമൂഹത്തിലെ താഴേക്കിടയിലു-

കേരള സ്കൂൾ കലോത്സവം, 64-ാമത്, തൃശ്ശൂർ
തിയ്യതി......................
പ്രോഗ്രാം കമ്മിറ്റി



Item Code: 944 Participant Code: 018

ഉയരാൻ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാനും ഇത് അനുവദിച്ചു.

## ശ്രീനാരായണഗുരുവും മാനവികതയും.

മാനവികതയിൽ ഊന്നി സാമൂഹിക ഉന്നമനത്തിനായി ശ്രമിച്ച മറ്റൊരു നവോത്ഥാന പ്രവർത്തകനായിരുന്നു ശ്രീനാരായണഗുരു. അദ്ദേഹത്തിന്റെ 'വിശ്വമാനവികത' എന്ന ആശയം ഇന്ന് പ്രസക്തമാണ്. ജാതിമതഭേദചിന്തകളില്ലാതെ സമൂഹത്തെ ഒരുമിപ്പിക്കാൻ ഗുരു ആഗ്രഹിച്ചു.

"1913 ൽ വിശ്വമാനവികതയെ മുൻനിർത്തി അദ്ദേഹം രചിച്ച ഒരു പ്രാർത്ഥന ശ്ലോകം പന്ത്രണ്ടാം ക്ലാസ്സിലെ മലയാളം പാഠപുസ്തകത്തിൽ പഠിക്കാനുണ്ട് എന്നത് ഇവിടെ കുറിച്ചേർക്കുന്നു."

"ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്", "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" തുടങ്ങിയ ~~ആശയങ്ങൾ~~ അദ്ദേഹത്തിന്റെ ആഹ്വാനങ്ങൾ നമ്മുക്കോരോരുത്തർക്കും പ്രചോദനമാണ്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ശ്രീനാരായണ ഗുരുവിനെപ്പോലെയും ചാവറയച്ചനും മാത്രമല്ല, അയ്യങ്കാളിയും ചട്ടമ്പി സ്വാമികളും തുടങ്ങി നിരവധി പ്രശസ്തരും എന്നാൽ അത്ര അറിയപ്പെടാത്തവരുടെയും കൂട്ടായ പരിശ്രമങ്ങളാണ് നമ്മുടെ സമൂഹത്തെ നവോത്ഥാനത്തിലേക്ക് നയിച്ചത്. പുറമെ അത്ര വ്യക്തമല്ലായിരുന്നെങ്കിലും 'മാനവികത' യിൽ ഊന്നിയ സാമൂഹിക മുന്നേറ്റത്തിനാണ് ഇവർ ശ്രമിച്ചത്.

തങ്ങളുടെ ശ്രമങ്ങളിലൂടെ സമൂഹത്തിലെ മുഖ്യധാരയിലും അതോടൊപ്പം താഴെത്തട്ടിലെ ആളുകളെയും സ്വാധീനിക്കാൻ ഇവർക്ക് കഴിഞ്ഞു. വ്യക്തികളുടെ ചിന്താശക്തിയെ ആഴത്തിൽ സ്വാധീനിക്കാൻ കഴിഞ്ഞതു തന്നെയാണ് ഇത്തരത്തിലുള്ള സാമൂഹിക പ്രവർത്തനങ്ങളുടെ വിജയമായി നാം കാണേണ്ടത്.

## മാനവികത ഇന്നത്തെ സമൂഹത്തിൽ

ജാതീയമായി അകന്നിരുന്ന ഒരു സമൂഹത്തിന്റെ ഇന്നത്തെ ഈ മാറ്റം അത്ഭുതാവഹമാണ്. സമയത്തിന്റെയും

സാമൂഹികസാഹചര്യങ്ങളുടെയും മറ്റും ഇതിലേക്ക് നയിച്ചിട്ടുണ്ട് എന്ന് പറയാതിരിക്കാൻ കഴിയില്ല. എന്നാൽ പതിനഞ്ചാമാകും നമ്മുടെ സമൂഹം നവോത്ഥാന വിധേയമാണോ എന്നു ചോദിക്കുന്നതാകും ഉചിതം.

മാനവികതയ്ക്ക് വിരുദ്ധമായ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ~~ഇതിന~~ ഉത്തരത്തിൽ ഒരു ചോദ്യത്തിന് കാരണമാകുന്നു വേണം പറയാൻ. 'ആദിവാസിയായിരുന്ന മധുവിന്റെ കൊലപാതകവും', അടുത്തിടെ വാർത്തകളിൽ നിറഞ്ഞ ഇതരസംസ്ഥാന യുവാവിന്റെ കൊലപാതകവും' ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. നിസ്സാരമായ കുറ്റങ്ങൾക്ക് ആൾക്കൂട്ട മർദ്ദനമേറ്റ് കൊല്ലപ്പെട്ടവരാണ് ഇവർ. ഒന്ന് ആലോചിച്ചാൽ അവരുടെ സാഹചര്യങ്ങളാണ് ചെറിയ മോഷണത്തിലേക്ക് നയിച്ചത്. അത് കൃത്യമായി മനസ്സിലാക്കി പ്രവർത്തിക്കേണ്ടതിന് പകരം അവരെ ശിക്ഷിച്ചു. സാമൂഹികമായ അതിർവരമ്പുകൾ ഇന്നും മനുഷ്യരുടെ ഇടയിൽ ~~ഉണ്ടായിരുന്ന~~ ഉണ്ട് എന്ന സത്യത്തെ കൂടി

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 - തൃശ്ശൂർ

64-ാമത് കേരള സ്കൂൾ കലോത്സവം തിരുത്തി.................. പ്രോഗ്രാം കമ്മിറ്റി തൃശ്ശൂർ

ഇവിടെ കാണാൻ കഴിയും. ഇത്തരം സാഹ-
ചര്യങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കുക എന്നത്
നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.
അതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്.
ചെറുപ്പം മുതലെ കുഞ്ഞുങ്ങളെ ഇത്
മനസ്സിലാക്കിപ്പിക്കാൻ രക്ഷിതാക്കളും അധ്യാപകരും
ശ്രദ്ധിക്കേണ്ടതുണ്ട്. മാനസികതയിൽ ഊന്നിയ
പാഠഭാഗങ്ങൾ കൂടുതലായി ഉൾപ്പെടുത്താൻ
സർക്കാരും തയാറാകണം. എന്നത് ഇവിടെ
എടുത്തു പറയേണ്ടിയിരിക്കുന്നു.

എന്റെ സ്കൂളിലെ ക്ലാസ്സിൽ വ്യത്യസ്ത
വിഭാഗത്തിൽപ്പെട്ട കുട്ടികളുണ്ട്. പക്ഷെ ക്ലാസ്സിൽ
ഞങ്ങൾ എല്ലാവരും ഒന്നാണ്. യാതൊരു
വ്യത്യാസവും കൂടാതെ ഞങ്ങൾ ഒന്നിച്ചിരുന്ന്
ഭക്ഷണം കഴിക്കുക~~യും~~ന്നു. സൗഹൃദം
പങ്കിടുന്നു. ഇത്തരത്തിൽ സൗഹൃദപരമായ
അന്തരീക്ഷമാണ് എല്ലായിടങ്ങളിലുമുണ്ടാ-
കേണ്ടത്.

നമ്മുടെയിടയിൽ മാത്രമല്ല മറ്റു
സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ പണ്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ജോലി നോക്കുന്ന തൊഴിലാളികളെയും നമ്മളിലിൽ ഒരാളായി കാണാനും അവർക്കും വേണ്ട പരിഗണനകൾ നൽകാനും കഴിയേണ്ടതുണ്ട്. ഇവിടെയാണ് യഥാർത്ഥ മാനവികതയിൽ ഊന്നിയ നവോത്ഥാനം സാധ്യമാകുക. അതിനായി നമുക്ക് പരിശ്രമിക്കാം.

## ഉപസംഹാരം

രാഷ്ട്രീയപരമായും സാമൂഹികപരമായും ഉയർന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത് എന്നതിൽ യാതൊരു സംശയവുമില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാ- ണെങ്കിലും സാക്ഷരതയുടെ കാര്യത്തിലും നാം ഏറെ മുന്നിൽ തന്നെയാണ്. നിരവധി നവോത്ഥാന നായകരുടെ തീവ്രമായ ശ്രമത്തിന്റെ ഫലമാണ് നാം കൈവരിച്ച നേട്ടം. മാനവികതയിൽ ഊന്നിയുള്ള പ്രവർത്തനമായിരുന്നു ഇത്തരത്തിലുള്ള ഒരു സാമൂഹികമായ മാറ്റത്തിന് കാരണ- മായത് എന്നത് നിഷേധിക്കാനാകാത്ത സത്യം തന്നെയാണ്. തങ്ങളുടെ മാനവിക

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം
തീയതി..................
★ പ്രോഗ്രാം കമ്മിറ്റി ★

മൂല്യങ്ങളെ അവർ ജനങ്ങളിലേക്ക്
കൈമാറി നൽകി. അങ്ങനെ മനുഷ്യനെ മനസ്സു-
കളെ ആഴത്തിൽ സ്വാധീനിക്കാനും അവർക്കായി.

ഇന്നത്തെ കാലത്തും ~~ചെറിയ~~
മാനസിക മൂല്യങ്ങളെ ഹനിക്കുന്ന ചെറിയ
ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നു എന്നത്
ഖേദകരമാണ്. മധുവിനെ പോലെ ആരും
ഇത്തരം ~~ദുരനുഭവങ്ങളെ~~ വേർതിരിവുകൾ
നേരിടാതിരിക്കട്ടെ.

~~നാം~~ ~~സ്നേ~~

ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസം
തീർത്തും ഇല്ലാത്ത ഒരു സമൂഹത്തിനായി
നമുക്ക് പരിശ്രമിക്കാം. പരസ്പരം സ്നേഹിച്ചും
സഹകരിച്ചും ജീവിച്ച് മാനവികതയുടെ
യഥാർത്ഥ പ്രചാരകരായി മാറാൻ നമുക്ക്
കഴിയട്ടെ.

---